# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KLM/P4/1845/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/01/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P4/1845/22 തീയ്യതി: 05/01/2023

## കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ | 12-09-2022 | 20-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-09-2022 | 20-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ
ശ്രീമതി. സിന്ധു. ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാകേഷ്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനി സൂര്യകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ടി. ഇ. ജോസഫ് | സെക്രട്ടറി | 01-04-2021 | 27-06-2021 |
| ശ്രീ.എസ്. സുനീഷ് കുമാർ | സെക്രട്ടറി | 28-06-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആർച്ച ഗോപൻ | അസിസ്റ്റന്റ് എൻിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് ഇഖ്ബാൽ | വി. ഇ. ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. മേരിലത | ഐ. സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി. കാർത്തിക ജെ | ഐ. സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീമതി. ഷേർളി. എ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. മഞ്ജുഷ. ഇ.വി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. അനീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.ബി. സോജ | വെറ്ററിനറി സർജൻ | 01-04-2021 | 19-12-2021 |
| ഡോ.മഞ്ജു | വെറ്ററിനറി സർജൻ | 20-12-2021 | 31-03-2022 |
| ശ്രീമതി ഷീബ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാജലക്ഷ്മി എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സംഗീത. എ. എസ് | കൃഷി ഓഫീസർ | 01-04-2021 | 05-05-2022 |
| ശ്രീമതി. സുമിമോഹൻ | കൃഷി ഓഫീസർ | 05-05-2021 | 20-09-2021 |
| ശ്രീമതി. മിയ വർഗീസ് | കൃഷി ഓഫീസർ | 20-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | മ**ൺ**റോതുരുത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക സ**ർ**ക്കാ**ർ** ധനസഹായത്തിന് അ**ർ**ഹത- നടപടിക**ൾ** അനിവാര്യം | 1-11 |
| 13 | നിയമാനുസൃതമല്ലാതെ പണികഴിപ്പിച്ച അനധികൃത കെട്ടിടത്തിന് താത്കാലിക നമ്പർ നൽകി നികുതി ഈടാക്കിവരുന്നു. | 1-12 |
| 14 | ഇ-ടെണ്ട**ർ** വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാ**ൻ**സ്ഫ**ർ** ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-13 |
| 15 | പദ്ധതി നി**ർ**വ്വഹണം – വിശകലനം | 1-14 |
| 16 | കേര കർഷകർക്ക് ആനുകൂല്യം-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-15 |
| 17 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-16 |
| 18 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-17 |
| 19 | കേരള മെഡിക്ക**ൽ** സ**ർ**വ്വീസസ് കോ**ർ**പ്പറേഷനി**ൽ** നിന്നും 5,17,108 /-രൂപയുടെ മരുന്നുക**ൾ**/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | കുറ്റി കുരുമുളക് വിതരണ പദ്ധതി - അധിക നിരക്കിൽ സബ്സിഡി നൽകി | 1-20 |
| 22 | വിശദമായ എസ്റ്റിമേറ്റില്ലാതെ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 464763/-രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | അസിസ്റ്റ**ൻ**റ് എ**ൻ**ജിനീയ**ർ**, എ**ൽ**.എസ്.ജി.ഡി. – രേഖക**ൾ** കൃത്യമായി സൂക്ഷിക്കുന്നില്ല | 1-22 |

| | | |
|---|---|---|
| 24 | കേരള വാട്ടർ അതോറിറ്റിക്ക് രണ്ടരക്കോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക | 1-23 |
| 25 | സമഗ്രദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ - മാപ്പിംഗ് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 26 | കെൽട്രോണിന് തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല | 1-25 |
| 27 | പി.എച്ച്.സി. കെട്ടിടത്തിന് അധിക വാടക അനുവദിച്ചു | 1-26 |
| 28 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല | 1-27 |
| 29 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പി.എച്ച്.സി. കെട്ടിടത്തിന് അധിക വാടക അനുവദിച്ചു | 3-1 |
| 2 | കേര കർഷകർക്ക് ആനുകൂല്യം-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-2 |
| 3 | കുറ്റി കുരുമുളക് വിതരണ പദ്ധതി - അധിക നിരക്കിൽ സബ്സിഡി നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23-02-2021 തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 30-05-2022 | - | - |

### 1-2.1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വികസന ഫണ്ട് എസ്.സി.പി ലൈഫ് മിഷൻ തിരിച്ചടവ് തുകയായ 44,000/- രൂപയുടെ ജി.ഒ പ്രോജക്ട് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

2. മെയിന്റനൻസ് ഫണ്ട് നോൺറോഡ് 29,80,000/- രൂപയുടെ അലോട്ട്മെന്റ് ലഭിച്ചെങ്കിലും തൻവർഷം ഫണ്ട് വിനിയോഗിക്കാത്തതിനാൽ 29,80,000/- രൂപ ലാപ്സായി.
3. ICDS കേന്ദ്രാവിഷ്കൃത ഫണ്ട് -തൻവർഷത്തെ ചെലവ് 6,26,550/- രൂപയാണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 6,00,000/- രൂപയാണ്.
4. ലൈഫ്മിഷൻ സംസ്ഥാന വിഹിതം-തൻവർഷത്തെ ചെലവ് 20,000/- രൂപയാണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 1,00,000/- രൂപയാണ്.
5. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. ഓഡിറ്റ് റിക്കവറിയിനത്തിൽ 15,919/- രൂപ വരവുണ്ടെങ്കിലും വാർഷിക കണക്കിൽ പ്രസ്തുത ഹെഡിൽ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.
7. ജി.ഒ(ആർ.ടി)2617/22 തീയതി 31.3.22 പ്രകാരമുള്ള അലോട്ട്മെന്റ് തുക 3,12,400/- രൂപ ACR ൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 89,82,095/- രൂപ |
| വരവ് | 3,44,79,649/- രൂപ |
| ആകെ | 4,34,61,744/- രൂപ |
| ചെലവ് | 3,37,52,816/- രൂപ |
| നീക്കിയിരിപ്പ് | 97,08,928/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,34,128/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,29,422/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (ലാപ്സായ തുക) (₹) | കുറിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 6587000/- | 6587000/- | 6504851/- | 82149/- | 1229400/- Go Project |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | | 0 | 3941,000/- | 3941,000/- | 2784196/- | 1156804/- | 44000/- Go Project |
| വികസനഫണ്ട് (റ്റി. എസ്.പി) | | 0 | 0 | 0 | 0 | 0 | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | | 29,80,000/- | 29,80,000/- | 0 | 29,80,000/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | | 4853319/- | 4853319/- | 3681719/- | 1171600/- | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | ട്രഷറി | 0 | 1872000/- | 1872000/- | 388679/- | 201479/- (Lapsed) | - |
| | ബാങ്ക് | 0 | 1848572/- | 1848572/- | 829093/- | 1019479/- (ബാങ്ക് നീക്കിയിരിപ്പ്) | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | ട്രഷറി | 0 | 782281/- | 782281/- | 368354/ | 413327/- Lapsed | - |
| | ബാങ്ക് | 0 | 1237395/- | 1237395/- | 1166126/- | 712691/- (ബാങ്ക് നീക്കിയിരിപ്പ്) | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ്. | | | | | | | |
| SWAK | | 5830796/- | 180533/- | 6011329/- | 1077077/- | 4934252/- | - |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | | 20,000 | 8,00,000/- | 8,20,000/- | 20000 | 8,00,000/-/- | - |
| ശുചിത്വമിഷൻ | | 930535/- | 0 | 930535/- | 72000/- | 858535/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ്. | | | | | | | |
| ICDS | | 837456/- | 338313/- | 1175769/- | 626550/- | 549219/- | - |
| MNREGS തൊഴിലാളികളുടെ കൂലി | | 0 | 25858100/- | 25858100/- | 25858100/- | 0 | - |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 0 | 1421590/- | 1421590/- | 1419375/- | 2215/- | - |
| സാക്ഷരത | | 1313/- | 0 | 1313/- | 0 | 1313/- | - |
| SSA | | 1,00,000/- | 0 | 1,00,000/- | 0 | 1,00,000/- | - |
| BMC | | 313322/- | 9185/- | 322507/- | 0 | 322507/- | - |

1. ICDS കേന്ദ്രാവിഷ്കൃത ഫണ്ട് -തൻവർഷത്തെ ചെലവ് 6,26,550/- രൂപയാണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 6,00,000/- രൂപയാണ്.

2. ലൈഫ്മിഷൻ സംസ്ഥാന വിഹിതം-തൻവർഷത്തെ ചെലവ് 20,000/- രൂപയാണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 1,00,000/- രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 41887689 | 84 | 18498391 | - | 33 | 71.79 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1421590 | 1421590 | 1419375 | 2215 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25858100 | 25858100 | 25858100 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 93360 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 1349200 | 82 |
| വിധവാപെൻഷൻ | 7721100 | 512 |
| വാർദ്ധക്യകാലപെൻഷൻ | 12642500 | 1031 |
| വികലാംഗപെൻഷൻ | 2732300/- | 180 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർ | 32000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-09-22ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 476/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച ഇതു കൃത്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ചുവടെ രേഖപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച ഖണ്ഡികകൾ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക സർക്കാർ ധനസഹായത്തിന് അർഹത- നടപടികൾ അനിവാര്യം (ഖണ്ഡിക 1-11 ). നിയമാനുസൃതമല്ലാതെ പണികഴിപ്പിച്ച കെട്ടിടത്തിന് താത്കാലിക കെട്ടിട നമ്പർ അനുവദിച്ചതു വഴി അനധികൃത കെട്ടിടത്തിന് ഈടാക്കേണ്ട കൂടിയ നിരക്ക് ഈടാക്കിയില്ല. (ഖണ്ഡിക 1- 12 ). പദ്ധതി നിർവ്വഹണം - വിശകലനം (ഖണ്ഡിക 1- 14 ), കുറ്റി കുരുമുളക് തൈ വിതരണം

-പദ്ധതി നടത്തിപ്പിലെ അപാകതകൾ (ഖണ്ഡിക 1- 20), കേരള വാട്ടർ അതോറിറ്റിക്ക് രണ്ടരക്കോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക (ഖണ്ഡിക 1- 23)

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ഫണ്ട് ലഭ്യതയിൽ കുറവുള്ള ഗ്രാമപഞ്ചായത്തിന്, സർക്കാർ മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ 29,80,000/- രൂപ അനുവദിച്ചുവെങ്കിലും 17,56,000/-രൂപ മാത്രം വകയിരുത്തി പദ്ധതികൾ അംഗീകരിയ്ക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ (അസിസ്റ്റന്റ് എൻജിനീയർ) ഒരു പദ്ധതിയും നടപ്പിലാക്കാത്തതിനാൽ അനുവദിച്ച മുഴുവൻ തുകയും ലാപ്സായി.

ലഭ്യമായ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളാതിരുന്നതും മേൽനോട്ട ചുമതലയുള്ളവരുടെ വീഴ്ചയും നിമിത്തം ഫണ്ട് നഷ്ടപ്പെട്ടുവെന്ന വസ്തുത ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-20 മുതൽ 16-11-20 വരെ | 1/20 മുതൽ 10/20 | 16-11-20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-03-2016 മുതൽ 14-03-2016 വരെ | 2010-11 മുതൽ 2014-15 | 16-04-2016 |

## 1-11 മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക സർക്കാർ ധനസഹായത്തിന് അർഹത-നടപടികൾ അനിവാര്യം

കല്ലട ആറും അഷ്ടമുടി കായലും ചുറ്റപ്പെട്ട്, എട്ട് തുരുത്തുകൾ ഉൾപ്പെടുന്നതായ 14 ച.കിലോമീറ്റർ വിസ്തൃതിയും 10,000 ത്തിന് താഴെ മാത്രം ജനസംഖ്യയുമുള്ള മൺറോതുരുത്ത് ഗ്രാമപഞ്ചയത്ത്, നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നു. കാർഷിക മേഖല അതിനാൽ തന്നെ മുരടിപ്പിലാണ്. ശുദ്ധ ജലം ലഭ്യമല്ലാത്ത സ്ഥിതിവിശേഷമുണ്ട്. മറ്റ് വ്യവസായ മുന്നേറ്റ സാധ്യതകൾ പരിമിതമാണെങ്കിൽ കൂടി പ്രകൃതി ഭംഗിയാൽ അനുഗ്രഹീതമായ മൺറോതുരുത്തിൽ സമീപ വർഷങ്ങളിൽ ടൂറിസം മേഖലയുടെ വളർച്ച വലിയ പ്രതീക്ഷയാണ് നൽകുന്നത്. നിരവധി റിസോർട്ടുകൾ, ഹോം സ്റ്റേകൾ, ബോട്ടിംഗ് സൗകര്യങ്ങൾ എന്നിവ സ്വകാര്യ വ്യക്തികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ അനവധി ഫിഷ് ഫാമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഹോം സ്റ്റേകൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രം (03.06.2022 ലെ സർക്കാർ ഉത്തരവ് 177/2022/ TSM) ആവശ്യമില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ് ഇനത്തിലും കെട്ടിട നികുതി ഇനത്തിലും (മറ്റ് കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈനിൽ ലഭിച്ചത് ടൂറിസം/ടി.റ്റി.പി. സി.യ്ക്ക് ഹാജരാക്കി അനുമതി വാങ്ങുന്നതിനാൽ) ഉള്ള വരുമാന സാധ്യത മങ്ങുന്നു. സോഷ്യൽ മീഡിയ /ഓൺലൈൻ മുഖേനയുള്ള ബുക്കിംഗ് മൂലം പരസ്യ ബോർഡുകൾ പോലും ഇല്ലാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. അതിനാൽ പാർപ്പിട ഗണത്തിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കൂടിയ നിരക്കിലുള്ള കെട്ടിട നികുതിയ്ക്ക് വിധേയമാകുന്നില്ല.

ടൂറിസം വികസന പ്രവർത്തനങ്ങൾ ഏറെയും തീരങ്ങളിൽ ആണ് നടക്കുന്നത്. കടുത്ത നിർമ്മാണ പ്രവർത്തന നിയന്ത്രണങ്ങൾ നിലവിലുള്ള (സി.ആർ .ഇസഡ് മേഖല) പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക്

നിലവിൽ U/A നമ്പറുകൾ നൽകി വർദ്ധിച്ച കെട്ടിട നികുതി ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്തിന് കഴിയാത്തതിനാൽ വലിയ വരുമാന ചോർച്ച ഉണ്ടാകുന്നു.

വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിന് അർഹിക്കുന്ന വരുമാനം ലഭിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തിന് ടി മേഖലയെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ. ഇതിനായുള്ള നിയമ ഭേദഗതികൾ, സർക്കാർ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രമം നടത്തേണ്ടതായുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലെ 8 കടവുകൾ കേന്ദ്രീകരിച്ചും, ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് പിരിക്കൽ തുടങ്ങിയ വരുമാന മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കാൻ ഭരണ സമിതി ശ്രമം ആരംഭിച്ചിട്ടുണ്ട്.

കയർ ഉൽപ്പന്നങ്ങൾ, മത്സ്യ സംസ്കരണം എന്നിവയ്ക്കും സാധ്യതകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ സർക്കാർ തലത്തിൽ പ്രത്യേക പാക്കേജുകൾ നടപ്പാക്കാനുള്ള ക്രിയാത്മക നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ആവശ്യമായ പിന്തുണ തേടാവുന്ന തുമാണ്.

കൊല്ലം ജില്ലാ ആസൂത്രണ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ തയ്യാറാക്കുന്ന സമഗ്ര പദ്ധതി, കൃഷി, ടൂറിസം, ഭൂസംരക്ഷണം എന്നീ മേഖലകൾ തിരിച്ചാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പാക്കേജ് നടപ്പാക്കുന്നതിനാണ് വിഭാവന ചെയ്യുന്നത്. ഒക്ടോബർ 2022 ന് അന്തിമമാക്കും എന്നു പ്രതീക്ഷിക്കുന്ന പാക്കേജ് നടപ്പിൽ വരുത്തുന്നത് മൺറോതുരുത്തിന്റെ വികസനത്തിന് ഏറെ സഹായകരമാകും.

ഗ്രാമപഞ്ചായത്ത് സമിതിയും ഭരണ വകുപ്പും പാക്കേജ് ഫലപ്രാപ്തിയിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 1-12 നിയമാനുസൃതമല്ലാതെ പണികഴിപ്പിച്ച അനധികൃത കെട്ടിടത്തിന് താത്കാലിക നമ്പർ നൽകി നികുതി ഈടാക്കിവരുന്നു.

മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ മൺറോതുരുത്ത് വില്ലേജിൽ റീസർവ്വേ നമ്പർ 483/5-16 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ഗോപാലകൃഷ്ണൻ, എസ്.കെ.ബി. ഹൗസ്, മൺറോതുരുത്ത് എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന “ലേക്ക് ആന്റ് റിവർ” എന്ന റിസോർട്ടിന്റെ നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് നിർമ്മാണം ക്രമവത്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് 10.12.2015 ന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സ്ഥല പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം തീരദേശ പരിപാലന നിയമം പാലിച്ചല്ല കെട്ടിട നിർമാണം എന്ന് സംശയം ഉന്നയിച്ചിരുന്നു. തുടർന്ന് തീരദേശ പരിപാലന അതോറിറ്റിയുടെ നിർദ്ദേശത്തിനായി 10/02/2016,06/04/2016 തീയതികളിൽ കത്ത് അയച്ചു. എന്നാൽ ഇതിന് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ടി കെട്ടിടം സർക്കാർ പുറമ്പോക്ക് കൂടി ഉൾപ്പെടുന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത് എന്ന് മൺറോതുരുത്ത് വില്ലേജ് ഓഫീസർ നൽകിയ കത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പൂർണമായും അനധികൃത കെട്ടിടം ആയ ഈ സ്ഥാപനത്തിന് 28/05/2016 ലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം താത്കാലിക കെട്ടിട നമ്പർ നൽകി നിയമാനുസൃത കെട്ടിടത്തിന് ചുമത്തുന്ന നികുതി അസസ് ചെയ്തു ഈടാക്കിവരുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഇപ്രകാരം താത്കാലിക നമ്പർ നൽകുന്നതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. എന്നാൽ സെക്ഷൻ 235 എഎ പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ (U/A) നൽകേണ്ടതുമാണ്. അതിനാൽ മുൻ സെക്രട്ടറി കെട്ടിടത്തിന് താത്കാലിക നമ്പർ അനുവദിച്ചത് അനധികൃതമാണ്. തീരദേശ പരിപാലന അതോറിറ്റിയുടെ കൃത്യമായ നിർദ്ദേശം / മറുപടി ലഭ്യമാകുന്നത് വരെ സെക്ഷൻ 235 AA പ്രകാരം അനധികൃത കെട്ടിടത്തിന് ചുമത്തേണ്ട കെട്ടിട നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും 2015/16 മുതൽ മുൻകാല പ്രാബല്യത്തോടെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ രേഖപ്പെടുത്തിയ പ്രകാരമുള്ള വകുപ്പുതല

നടപടികൾ സ്വീകരിച്ച് വരുന്നതായി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടിയുടെ വിവരങ്ങൾ, നികുതി ഈടാക്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2016-2017, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ ഫീസ് ഇനത്തിലെ വരവ് തുകയായ 1,56,824/- രൂപ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് . വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2016-2017 | 1,53,924 |
| 2018-2019 | 2,900 |
| ആകെ തുക | 1,56,824/-രൂപ |

ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്ത രേഖ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം. 11/20.09.2022

## 1-14 പദ്ധതി നിർവ്വഹണം – വിശകലനം

തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം സർക്കാർ നൽകുന്ന വിടവ് നികത്തൽ ഫണ്ടിനെ ആശ്രയിച്ചാണ് നിലവിൽ സ്ഥാപനത്തിന്റെ നിലനിൽപ്പ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഉള്ളപ്പോഴും സർക്കാർ ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വീഴ്ച ശ്രദ്ധേയമാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ട് അടങ്കൽ (രൂപ) | ആകെ ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 684920 | 607867 | 89 |
| 2. | വെറ്ററിനറി സർജൻ | 2414508 | 1400652 | 58 |
| 3. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 1718000 | 1606765 | 94 |
| 4. | മെഡിക്കൽ ഓഫീസർ, ആയുർവേദ | 1300000 | 1265335 | 97 |
| 5. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 120000 | 48000 | 40 |
| 6. | വി. ഇ. ഒ | 15949490 | 3735660 | 23 |
| 7. | ഐ. സി. ഡി. എസ്. | 2040000 | 1568572 | 77 |
| 8. | സെക്രട്ടറി | 7711353 | 5047227 | 65 |
| 9. | എച്ച്.എം. എൽ.പി. എസ്. | 112000 | 8105 | 7 |
| 10. | അസി.എൻ-ജിനീയർ, എൽ.എസ്. ജി. ഡി. | 9097418 | 2693624 | 30 |
| 11. | ഡെയറി ഫാം ഇൻസ്ട്രക്ടർ | 740000 | 516584 | 70 |
| | ആകെ അടങ്കൽ തുക | 4,18,87,689 | 1,84,98,391 | 44 % |

മേൽ പട്ടികയിൽ നിന്നും ഫിഷറീസ് സബ് ഇൻസ്പെക്ടർ, വി.ഇ.ഒ, എച്.എം, അസി. എൻജിനീയർ, എൽ.എസ്.ജി.ഡി. എന്നിവർ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തി എന്നു വ്യക്തമാണ്. ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ മേഖലകളിൽ ലഭിക്കേണ്ട സഹായം, വികസനം എന്നിവ നഷ്ടപ്പെടുത്തിയെന്നത് ഗൗരവതരമാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികളുടെ വീഴ്ച, ഭരണ സമിതിയുടെ പരിമിതമായ ഇടപെടൽ എന്നിവയും കുറഞ്ഞ പദ്ധതി നിർവ്വഹണ ചെലവിന് കാരണങ്ങളാണ്. ഇവ തുടർ വർഷങ്ങളിൽ പരിഹരിക്കുന്നതിന് നടപടികൾ അനിവാര്യമാണ്.

1-15 കേര കർഷകർക്ക് ആനുകൂല്യം-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നം - 12,
അടങ്കൽ തുക – 308000/-
വികസനഫണ്ട് – 231000/-
ചെലവ് - 231000/-
മറ്റുള്ളവ - 77000/-
ചെലവ് - 0/-
ബിൽ നം - 4/22 തീയതി - 28/2/22

മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് തെങ്ങുകൃഷി വികസനം. ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ 16500 തെങ്ങുകൾക്ക് തെങ്ങ് ഒന്നിന് 1 കി.ഗ്രാം കുമ്മായം/ഡോളമൈറ്റ് 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം-22 /2018/തസ്വഭവ തീയതി 14-2-18 പ്രകാരം കുമ്മായം /ഡോളമൈറ്റ് പൊതുവിഭാഗത്തിന് 75% സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ ടി പ്രോജക്ടിൽ 16500 കി.ഗ്രാം കുമ്മായം KAICO യിൽ നിന്ന്ഇൻവോയ്സ് നം-Q-796 /2021-22 തീയതി-21-2-22 പ്രകാരം കി. ഗ്രാമിന് 14/- രൂപ നിരക്കിൽ (ടാക്സ് ഉൾപ്പെടെ) 231000/- രൂപക്ക് വാങ്ങി 100 % സബ്സിഡിയായി വിതരണം നടത്തി. 25% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയില്ല. 100% സബ്സിഡി അനുവദിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ സാഹചര്യം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 25% ഗുണഭോക്തൃവിഹിതമിനത്തിലുള്ള തുകയായ 57750/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് അറിയിച്ചു. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതുവഴി അധികം ചെലവഴിച്ച 57750/-രൂപ നിരാകരിക്കുന്നു. ടി തുക പദ്ധതി നിർവഹണാധികാരിയിൽനിന്നും ഈടാക്കി ഒടുക്കുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക - 57750/- രൂപ
എൻക്വയറി നം - 2, തീയതി-16-9-22

1-16 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം - 26
റോഡിതരം അടങ്കൽ - 200000/-
ചെലവ് – 200000/-
ബിൽ നം - 4/21-22 / 21.12.2021

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ പദ്ധതിയാണ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മരുന്ന ലഭ്യമാക്കുന്നതിനായി 200000/-രൂപ (അക്കൗണ്ട് നം-3430640391) നൽകിയിട്ടുണ്ട്.30/3/22 ലെ ഇൻവോയ്സ് നം-LF2855 പ്രകാരം 82662/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 117338/- രൂപയുടെ മരുന്നുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ല.

അതിനാൽ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാകാഞ്ഞതിന്റെ വിശദീകരണം ആരാഞ്ഞു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 6, തീയതി-19/9/22

## 1-17 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (16/22) |
| അടങ്കൽ തുക | 250000/- ( വികസന ഫണ്ട്)<br>2,50,000/-(സംസ്ഥാന വിഹിതം ) |
| ചെലവ് തുക | 212500/- (ബിൽ നം. 3/15.2.22) |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായിഗ്രാമപഞ്ചായത്തിൽ നിന്നും 17 കന്നു കുട്ടികൾക്കുള്ള വിഹിതമായി 12,500/- രൂപ നിരക്കിൽ 212500/- രൂപ അസിസ്റ്റൻറ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി കാഫ് ഫീഡ് സബ്സിഡി സ്കീമിൽ ഒടുക്കിയ 212500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക - 212500/- രൂപ

## 1-18 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 5,17,108 /-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി K.M.S.C.L -ലിൽ അടവാക്കിയ 5,17,108/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 31/22 പി.എച്ച്. സി. യ്ക്ക് മരുന്ന് വാങ്ങൽ-മെയിൻ്റനൻസ് ഫണ്ട്-റോഡിതരം | 4,00,000/- | ബിൽ നം.16/07.12.2021 | PRF 3508/23.11.2021 | 2,32,895<br>- | 1,67,105/-രൂപ |
| 72/22-കോവിഡ് 19-പ്രതിരോധ മരുന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ-ഫണ്ട്-<br><br>പൊതു വിഭാഗം | 99,298/-<br><br>50,000/- | ബിൽ നം.04/08.07.2021<br>ബിൽ നം.30/15.02.2022 | PRF 628/12.06.21<br>PRF 5510/15.02.22 | 8,951<br><br>3,009 | 90,347/-രൂപ<br><br>46,991/-രൂപ |

| | | | | | |
|---|---|---|---|---|---|
| 38/22- സഞ്ജീവനി ഹോം കെയർ - മെയിൻ്റനൻസ് ഫണ്ട്- റോഡിതരം- 2,50,000/- പൊതു വിഭാഗം- 3,50,000/- | 1,04,997/-<br>1,50,000/-<br>55,000/- | ബിൽ നം.22/17.01.2022<br>ബിൽ നം.20/01.01.2022<br>ബിൽ നം.31/15.02.2022 | PRF 4605/04.01.2022<br>PRF 3705/30.11.2021<br>PRF 5516/07.02.2022 | -<br>1,05,845/-<br>23,826/- | 1,04,997/-രൂപ<br>44,155/-രൂപ<br>31,174/-രൂപ |
| 36/22- വാങ്ങൽ- ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ- മെയിൻ്റനൻസ് ഫണ്ട്- റോഡിതരം | 1,00,000/- | ബിൽ നം.26/28.01.2022 | PRF 5068/25.01.2022 | 67,661/- | 32,339/-രൂപ |
| | | | | ആകെ തുക | 5,17,108/-രൂപ |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 8/19.09.2022

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2021-22 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നം./ചെക്ക് നം., തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജീവനം പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (നം.7/22) | 100,000/- (വികസന ഫണ്ട്) | 100,000/- | 14/3.8.21 | കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്കു വരുത്തി |
| 2. | ചാലപ്പുറം പമ്പ്ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും – കേരള വാട്ടർ അതോറിറ്റിക്ക് ബാക്കി തുക നൽകൽ (65/22) | 829500/- (CFC ഫണ്ട്) | 829093/- | NPC1-179CSCA-1801118-RO12200204/4.1.22 | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. 2020-21ൽ ഒടുക്കിയ തുക - 10,30,000/- |
| | | ആകെ | 929093/- | | |

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 929093/-രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ

സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 929093/- രൂപ
ഓഡിറ്റ് എൻക്വയറി നം. 7/19.9.22

1-20 കുറ്റി കുരുമുളക് വിതരണ പദ്ധതി - അധിക നിരക്കിൽ സബ്സിഡി നൽകി

കൃഷി ഓഫീസർ നിർവഹണം നടത്തിയ കുറ്റികുരുമുളക് തൈ വിതരണം പദ്ധതി പ്രകാരം (പ്രോജക്റ്റ് നം - 10/22), 2 കുറ്റി കുരുമുളക് തൈകൾ ഒരുയൂണിറ്റായി കണക്കാക്കി 3 യൂണിറ്റ് വരെ ഒരുകർഷകന് നൽകാവുന്നതാണ്. പദ്ധതി നിർവഹണത്തിനായി 1000 കുറ്റികുരുമുളക് തൈകൾ 100 രൂപ നിരക്കിൽ KAICO-യിൽ നിന്ന് 3.1.22 ലെ ഇൻവോയിസ് നം. Q/520 പ്രകാരം വാങ്ങി 100% സബ്സിഡിയിൽ വിതരണം ചെയ്തു. 14.2.2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/18/തസ്വഭവ ഖണ്ഡിക 6.1.4ൽ നെല്ല്, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ, കുരുമുളക് തൈകൾ എന്നിവ 100% സബ്സിഡിയിൽ വിതരണം ചെയ്യാവുന്നതാണ്. ഇതിൽ കുറ്റിക്കുരുമുളക് തൈകൾ ഉൾപ്പെട്ടിട്ടില്ല. കുരുമുളക് തൈകൾ ഒരെണ്ണത്തിന് 15/- രൂപയും, കുറ്റിക്കുരുമുളക് തൈകൾക്ക് 50/- രൂപയുമാണ് സർക്കാർ ഫാമുകളിലെ വിലനിരക്ക്. മേൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക-6.1.5 പ്രകാരം മറ്റ് ഫലപുഷ്പ ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും തെങ്ങിൻതൈകളും ജാതിതൈകളും പൊതുവിഭാഗം കർഷകന് 75% സബ്സിഡിയിൽ പരമാവധി 5000/- രൂപയിൽ പരിമിതപ്പെടുത്തി നല്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം കുറ്റിക്കുരുമുളക് തൈക്ക് 75% സബ്സിഡി അനുവദനീയമാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 4ൽ സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ ഉപയോഗപ്പെടുത്താമെന്നും ഇങ്ങനെ ഉപയോഗിക്കുമ്പോൾ തൊട്ട് മുൻവർഷത്തെ സംസ്ഥാന പദ്ധതിയുടെ സബ്സിഡി നിരക്കുകൾ ബാധകമാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കുറ്റിക്കുരുമുളക് തൈയും തൊട്ട് മുൻവർഷത്തെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.02.2021 ലെ ADFW/225/2021/7H1 നടപടിക്രമം പ്രകാരം 23.2.21 പ്രാബല്യത്തിൽ ഗവൺമെന്റ് ഫാമുകളിലെ നടീൽ വസ്തുക്കളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുള്ളതിൻ പ്രകാരം തൈ (പോളിത്തീൻ ബാഗിലുള്ളതിന്റെ) വില 50/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം കുറ്റി കുരുമുളക് തൈയ്ക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക 50x75%= 37.50 രൂപയാണ്. എന്നാൽ കുറ്റിക്കുരുമുളക് തൈയ്ക്ക് 100/- രൂപ 100% സബ്സിഡിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കുറ്റിക്കുരുമുളക് തൈയ്ക്ക് സബ്സിഡിയിനത്തിൽ 62.50 രൂപ അധികമായി നല്കിയിട്ടുണ്ട്. 1000 തൈകൾക്ക് ഇപ്രകാരം അധിക സബ്സിഡി നല്കിയ 62500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖാനുസൃതമല്ലാതെ പദ്ധതി നിർവഹണം നടത്തിയ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് 62500/- രൂപ ഈടാക്കേണ്ടതാണ്.
എൻക്വയറി നം – 4 തീയതി- 17/9/22
നിരാകരിച്ച തുക – 62500/- രൂപ

1-21 വിശദമായ എസ്റ്റിമേറ്റില്ലാതെ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 464763/-രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിശദമായ എസ്റ്റിമേറ്റില്ലാതെ നിർവഹണ ഏജൻസി ലഭ്യമാക്കിയ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നം./ചെക്ക് നം., തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | വിവിധ | 4,50,000/- | 444860/- | NPC1-179CSCA-2053523- | KSEBയിൽ ഒടുക്കു |

| | | | | | |
|---|---|---|---|---|---|
| | വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ (67/22) | (CFC ഫണ്ട്) | | RO32201420069/16.3.22 | വരുത്തി. വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലാണ് തുക ഒടുക്കിയിട്ടുള്ളത്. |
| 2. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (116/22) | 20000/- (CFC ഫണ്ട്) | 19903/- | NPC1-179CSCA-1857762-RO12204135498/24.2.22 | KSEBയിൽ ഒടുക്കു വരുത്തി. വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലാണ് തുക ഒടുക്കിയിട്ടുള്ളത്. |
| | | ആകെ | 464763/- | | |

വിശദമായ എസ്റ്റിമേറ്റില്ലാതെ തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റില്ലാത്തതിനാലും പൂർത്തീകരണ രേഖകൾ ഹാജരാക്കാത്തതിനാലും മുൻകൂറായി നിക്ഷേപിച്ച 464763/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 464763/- രൂപ

ഓഡിറ്റ് എൻക്വയറി നം. 7/19.9.22

## 1-22 അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. – രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ ന്യൂനതകൾ /അപാകതകൾ കണ്ടു.

1. ലഭിച്ച ടെണ്ടറുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ/എ.ഇ.യുടെസാന്നിധ്യത്തിൽ പരിശോധിച്ചതിന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.
2. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ കരാറുകാരന്റെ ഒപ്പ്, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. കരാറുകളിൽ 2012-ലെ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.
3. പ്രവൃത്തികളുടെ കംപ്ളീഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് സൂപ്പർവിഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.
4. കരാറുകാരുടെ സെക്യൂരിറ്റികൾ വിട്ടു നൽകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ ചുമതലപ്പെട്ടവരുടെ റിപ്പോർട്ടുകൾ ഇല്ല.
5. പ്രോജക്ട് രൂപീകരണ ഫാറത്തിൽ ആസ്തിയുടെ സവിശേഷ തിരിച്ചറിയൽ നമ്പർ കൃത്യമായി ചേർക്കുന്നില്ല.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കുന്നതിനും തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 3 /17.09.2022

## 1-23 കേരള വാട്ടർ അതോറിറ്റിക്ക് രണ്ടരക്കോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക

മൺട്രോതുരുത്ത് ഗ്രാമ പഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ സെപ്റ്റംബർ 2022 വരെ 26351437/- രൂപ കുടിശ്ശികയുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 318 വാട്ടർ ടാപ്പുകളാണ് നിലവിലുള്ളത്. Rate/tap/year 5788/- രൂപയാണ്. ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു. സെപ്റ്റംബർ 2022 വരെ ഫൈൻ ആയി 504052/- രൂപ ഒടുക്കുവാനുണ്ട്.

എല്ലാ വർഷവും വെള്ളക്കരമിനത്തിൽ ഒരു നിശ്ചിത തുക പഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ടെങ്കിലും വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്ന അവസ്ഥയാണുള്ളത്.

2021-22 വർഷം 94000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.9.22) കേരള വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും സംയോജിതമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കിഴിച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-24 സമഗ്രദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ - മാപ്പിംഗ് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

2020-21 വാർഷിക പദ്ധതിയിൽ പ്രളയം ബാധിച്ച പഞ്ചായത്തുകളിൽ നടപ്പിലാക്കിയ സമഗ്രദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ - മാപ്പിംഗ് പദ്ധതി ഊരാളുങ്കൽ സൊസൈറ്റി അക്രെഡിറ്റഡ് ഏജൻസിയായി നടപ്പിലാക്കിയെങ്കിലും പദ്ധതി പൂർണ്ണതോതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | സമഗ്രദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ – മാപ്പിംഗ് (103/22) |
| അടങ്കൽ തുക | 876117/- (വികസനഫണ്ട് ജനറൽ )<br>150000/- ( തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 849600/- (ബിൽ നം 45/22-3-22)<br>445107/- (2020-21ൽ ഒടുക്കിയത്) |

വികസനഫണ്ടിൽ നിന്നും 15,13,000/- രൂപ വകയിരുത്തിയിട്ടുള്ള മേൽ പദ്ധതിയിൽ നിന്നും 2020-21 വർഷം 4,45,107/- രൂപയും തൻ വർഷം 849600/- രൂപയും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നല്കിയിട്ടുണ്ട്. 16-9-20 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തിനുള്ളിലാണ് പ്രവർത്തി പൂർത്തീകരിച്ചു നല്കേണ്ടത്. സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്.

| | Item | Unit | Unit Price | Total Units | Total Price |
|---|---|---|---|---|---|
| 1 | Base Map | Sq.km | 7000.00 | 13.4 | 93800 |
| 2 | House Hold Survey | Number | 110.00 | 3500 | 385000 |
| 3 | Drone Survey | Sq.km | 20000.00 | 13.4 | 268000 |
| 4 | Data Integration Report Mapping And Generation | Number | 500000.00 | 1 | 500000.00 |
| | | | | Total | 1246800.00 |
| | | | | Tax (Gst + Flood Cess)19% | 236892.00 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 1483692.00 |

സമഗ്രദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ -മാപ്പിംഗ് പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽപദ്ധതി ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചതിന്റെ വിവരം, പഞ്ചായത്തിലെ വിവിധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ജി.ഐ.എസ് മാപ്പിങ്ങ് ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുന്നു എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നം. 1, 2 എന്നിവയിലെ നിരക്കുകൾ സ.ഉ(സാധാ) നം2556/18 ത.സ്വ.ഭ.വ 4-10-18 പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും ക്രമ നം. 3, 4 എന്നിവയുടെ നിരക്കുകൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത നിരക്കുകൾ കണക്കാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.

3. Office Of The Commissioner Of Kerala State Goods And Services Tax Department Govt. Of Kerala യുടെ സർക്കുലർ നം. 10/2019(NO.CT/42/2019-C1-Part(3)Dated 21.10.2019) പ്രകാരം GST Registration ഉള്ള ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളേയും ലോക്കൽ അതോറിറ്റികളേയും Flood Cess ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിട്ടുള്ള ബിൽ പ്രകാരം Flood Cess 1% തുകയായ 12468/- ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.

1. ഐ.കെ.എം. ഡെവലപ്പ് ചെയ്ത് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിക്കുന്നതിനും, സാങ്കേതിക പരിശോധന നടത്തുന്നതിനും ഐ.കെ.എം. ഐ.റ്റി മിഷൻ എന്നിവർക്ക് ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശേഖരിച്ച ലേയേഴ്സ് ഡ്രോൺ ഇമേജസ്, മറ്റ് സാങ്കേതിക സംവിധാനങ്ങൾ എന്നിവ കൈമാറുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കത്ത് നൽകിയെങ്കിലും തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

2. സ.ഉ(സാധാ) നം2556/18 ത.സ്വ.ഭ.വ 4-10-18 ഉത്തരവിൽ ഉൾപ്പെടാത്ത ക്രമ നം. 3, 4 എന്നിവയുടെ നിരക്കുകൾ സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് പ്രസ്തുത കാലയളവിലെ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

3. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ഉൾപ്പെട്ടിട്ടുള്ള Flood Cess 1% തുകയായ 12468/- തിരികെ അടയ്ക്കുന്നതിനും ടി തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കുന്നതിനും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിത കാരണങ്ങളാൽ പദ്ധതി പൂർണ്ണതോതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച് പദ്ധതി പൂർണ്ണതോതിൽ ലക്ഷ്യം കൈവരിക്കുന്നത് വരെ ടി പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 849600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. ഫ്ലഡ് സെസ്സ് ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കുകയോ തുടർന്നുള്ള ചെലവിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തിയ തുക - 849600/- രൂപ

ഓഡിറ്റ് എൻക്വയറി നം. 1/15.9.22

### 1-25 കെൽട്രോണിന് തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല

പ്രോജക്ട് നം. 64/22 - എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്. ജി. ഡി.
അടങ്കൽ തുക - 39,020/- രൂപ
ഫണ്ട് - മെയിന്റനൻസ് ഫണ്ട് - (റോഡ് ഇതരം )
ചെലവ് തുക - 39,020/- രൂപ
ബിൽ നം. 4/11.10.2021
കെൽട്രോണിൽ നിന്നും 39,020/- രൂപയ്ക്ക് ലാപ്ടോപ് കമ്പ്യൂട്ടർ (പ്രൊഫോർമ ഇൻവോയിസ് നം. 28535/4.08.2021 -മീഡിയം എൻഡ് – വിൻഡോസ് 10 പ്രൊഫഷ്ണൽ) വാങ്ങുന്നതിന് കേരള ഐ.ടി മിഷന് തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചില്ല. നിർവ്വഹണ ഉദ്യോഗസ്ഥ 6.04.2022 തീയതിയ്ക്ക് കെൽട്രോൺ മാനേജർക്ക് നൽകിയ കത്തിൽ, വർക്ക് ഓർഡർ സമയത്തിന് നൽകാത്തതിനാൽ തുക റീഫണ്ട് ചെയ്യണമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുടർ നടപടി വിവരം ഒന്നും ലഭ്യമല്ല.
കമ്പ്യൂട്ടർ ലഭിക്കുകയോ, അടവാക്കിയ തുക തിരികെ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 39,020/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 3/17.09.2022
തടസ്സപ്പെടുത്തിയ തുക – 39020/-

1-26 പി.എച്ച്.സി. കെട്ടിടത്തിന് അധിക വാടക അനുവദിച്ചു

പ്രോജക്ട് നം. 34/22- പി.എച്ച്. സിയ്ക്ക് വാടക നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
അടങ്കൽ തുക - 1,14,000/- രൂപ (മെയിന്റനൻസ് ഫണ്ട് – റോഡിതരം )
ചെലവ് തുക - 82,158/- രൂപ

2018- ലെ പ്രളയത്തിൽ കെട്ടിടം തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. വാടക കെട്ടിടത്തിലേയ്ക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8,936/- രൂപ 4/21, 5/21 എന്നീ മാസങ്ങളിലും 9,383/- രൂപ 6/21, 07/21 എന്നീ മാസങ്ങളിലും നൽകിയിട്ടുണ്ട്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ചു നല്കിയത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വാടക നിശ്ചയിച്ചു നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം 269/16 പി.ഡബ്ല്യ.ഡി. തീ. 5-2-16) പ്രകാരം, കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കും (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയായ്ക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ആണ് ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക നിശ്ചയിക്കാവുന്നത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20m$^2$) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8,936/- രൂപ വാടക നിശ്ചയിച്ചു തുക നൽകി. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/- രൂപ) സർക്കാർ ഉത്തരവനുസരിച്ച് നിശ്ചയിക്കേണ്ടിയിരുന്ന വാടക 5250.58+439.43 രൂപ (3.255 ആറിന്റെ വാടക) – 5,690/- രൂപയാണ്. റെന്റ് കാൽകുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റിൽ തിരുത്തൽ വരുത്തി പ്രതിമാസ വാടക 5,690/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 8/2021 മുതലാണ് വാടക പുതുക്കി 5,690/- രൂപ ഉടമയ്ക്ക് അനുവദിച്ചു വരുന്നത്. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം 4/2021 മുതൽ 07/2021 വരെ വാടകയിനത്തിൽ 13,878/-രൂപ

അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

1-27 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി.)1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-28 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 80,716 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 436 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 2,58,58,100/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തി നടത്തിയ വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം ) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.

3. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

4. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.

5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

6. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ

നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

7. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ കൃത്യമായി നടത്തുന്നില്ല.

8. വെള്ളപ്പൊക്ക വേലിയേറ്റ പ്രദേശങ്ങളിൽ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ചെയ്തത് കൊണ്ട് യാതൊരു പ്രയോജനവും കാണാൻ സാധിച്ചില്ല എന്ന് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണം കണക്കിലെടുത്ത് പ്രോജക്ടുകളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പി.എച്ച്.സി. കെട്ടിടത്തിന് അധിക വാടക അനുവദിച്ചു

പ്രോജക്ട് നം. 34/22- പി.എച്ച്.സിയ്ക്ക് വാടക നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ തുക - 1,14,000/- രൂപ (മെയിന്റനൻസ് ഫണ്ട് – റോഡിതരം )

ചെലവ് തുക - 82,158/- രൂപ

2018- ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാടക കെട്ടിടത്തിലേയ്ക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8,936/- രൂപ 4/21 ,5/21 എന്നീ മാസങ്ങളിലും 9,383/- രൂപ 6/21, 07/21 എന്നീ മാസങ്ങളിലും നൽകിയിട്ടുണ്ട്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ചു നല്കിയത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വാടക നിശ്ചയിച്ചു നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം.269/16.പി.ഡബ്ല്യു.ഡി. തീ 5-2-16) പ്രകാരം, കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കും (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയായ്ക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ആണ് ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക നിശ്ചയിക്കാവുന്നത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20m$^2$) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8,936/- രൂപ വാടക നിശ്ചയിച്ച തുക നൽകി. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/- രൂപ) സർക്കാർ ഉത്തരവനുസരിച്ച് നിശ്ചയിക്കേണ്ടിയിരുന്ന വാടക 5250.58+439.43 രൂപ (3.255 ആറിന്റെ വാടക) – 5,690/- രൂപയാണ്.

റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റിൽ തിരുത്തൽ വരുത്തി പ്രതിമാസ വാടക 5,690/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നോട്ട് ഫയലിനോടൊപ്പം) 8/2021 മുതലാണ് വാടക പുതുക്കി 5,690/- രൂപ ഉടമയ്ക്ക് അനുവദിച്ചു വന്നത്. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം 4/2021 മുതൽ 07/2021 വരെ വാടകയിനത്തിൽ 13,878/-രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു. മുൻ വർഷത്തിൽ അധിക വാടക നൽകിയത് സംബന്ധിച്ച വിശദാംശത്തിന്

മുൻ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-22 കാണുക.

| ക്രമ നം. | ബിൽ നം/തീയതി | മാസം/വർഷം | അനുവദിച്ച വാടക (രൂപ ) | അനുവദനീയമായ വാടക (രൂപ ) | അധികം നൽകിയ വാടക (രൂപ ) |
|---|---|---|---|---|---|
| 1. | 5/22- 14.07.21 | 04/2021 | 8,936 | 5,690 | 3,246 |
| 2. | -ടി- | 05/2021 | 8,936 | 5,690 | 3,246 |
| 3. | -ടി- | 6/2021 | 9383 | 5690 | 3,693 |
| 4. | 8/22-13.8.21 | 07/2021 | 9383 | 5690 | 3,693 |
| | | | | ആകെ തുക | 13,878/-രൂപ |

അധികമായി കെട്ടിട ഉടമസ്ഥ് നൽകിയ തുക തുടർ മാസങ്ങളിൽ ക്രമീകരിക്കുകയോ, കെട്ടിട ഉടമയിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് അന്വേഷണം. 08/19.09.2022

നിരാകരിക്കുന്ന തുക – 13,878/- രൂപ

## 3-2 കേര കർഷകർക്ക് ആനുകൂല്യം-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നം - 12

അടങ്കൽ തുക – 308000/-

വികസനഫണ്ട് – 231000/-

ചെലവ് - 231000/-

മറ്റുള്ളവ - 77000/-

ചെലവ് - 0/-

ബിൽ നം - 4/22 തീയതി - 28/2/22

മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് തെങ്ങുകൃഷി വികസനം. ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ 16500 തെങ്ങുകൾക്ക് തെങ്ങ് ഒന്നിന് 1 കി.ഗ്രാം കുമ്മായം/ഡോളമൈറ്റ് 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം-22 /2018/തസ്വഭവ തീയതി 14-2-18 പ്രകാരം കുമ്മായം/ഡോളമൈറ്റ് പൊതുവിഭാഗത്തിന് 75% സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ ടി പ്രോജക്ടിൽ 16500 കി.ഗ്രാം കുമ്മായം KAICO യിൽ നിന്ന്ഇൻവോയ്സ് നം-Q-796 /2021-22 തീയതി-21-2-22 പ്രകാരം കി. ഗ്രാമിന് 14/- രൂപ നിരക്കിൽ (ടാക്സ് ഉൾപ്പെടെ) 231000/- രൂപക്ക് വാങ്ങി 100 % സബ്സിഡിയായി വിതരണം നടത്തി. 25% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയില്ല. 100% സബ്സിഡി അനുവദിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ സാഹചര്യം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 25% ഗുണഭോക്തൃവിഹിതമിനത്തിലുള്ള തുകയായ 57750/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് അറിയിച്ചു. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതുവഴി അധികം ചെലവഴിച്ച 57750/-രൂപ നിരാകരിക്കുന്നു. ടി തുക പദ്ധതി നിർവഹണാധികാരിയിൽനിന്നും ഈടാക്കി ഒടുക്കുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 57,750/- രൂപ

എൻക്വയറി നം - 2, തീയതി-16-9-22

## 3-3 കുറ്റി കുരുമുളക് വിതരണ പദ്ധതി - അധിക നിരക്കിൽ സബ്സിഡി നൽകി

കൃഷി ഓഫീസർ നിർവഹണം നടത്തിയ കുറ്റികുരുമുളക് തൈ വിതരണം പദ്ധതി പ്രകാരം (പ്രോജക്ട് നം

- 10/22), 2 കുറ്റി കുരുമുളക് തൈകൾ ഒരുയൂണിറ്റായി കണക്കാക്കി 3 യൂണിറ്റ് വരെ ഒരുകർഷകന് നൽകാവുന്നതാണ്. പദ്ധതി നിർവഹണത്തിനായി 1000 കുറ്റികുരുമുളക് തൈകൾ 100 രൂപ നിരക്കിൽ KAICO-യിൽ നിന്ന് 3.1.22 ലെ ഇൻവോയിസ് നം. Q/520 പ്രകാരം വാങ്ങി 100% സബ്സിഡിയിൽ വിതരണം ചെയ്തു. 14.2.2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/18/തസ്വഭവ ഖണ്ഡിക 6.1.4ൽ നെല്ല്, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ, കുരുമുളക് തൈകൾ എന്നിവ 100% സബ്സിഡിയിൽ വിതരണം ചെയ്യാവുന്നതാണ്. ഇതിൽ കുറ്റിക്കുരുമുളക് തൈകൾ ഉൾപ്പെട്ടിട്ടില്ല. കുരുമുളക് തൈകൾ ഒരെണ്ണത്തിന് 15/- രൂപയും, കുറ്റിക്കുരുമുളക് തൈകൾക്ക് 50/- രൂപയുമാണ് സർക്കാർ ഫാമുകളിലെ വിലനിരക്ക്. മേൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക-6.1.5 പ്രകാരം മറ്റ് ഫലപുഷ്പ ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും തെങ്ങിൻതൈകളും ജാതിതൈകളും പൊതുവിഭാഗം കർഷകന് 75% സബ്സിഡിയിൽ പരമാവധി 5000/- രൂപയിൽ പരിമിതപ്പെടുത്തി നല്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം കുറ്റിക്കുരുമുളക് തൈക്ക് 75% സബ്സിഡി അനുവദനീയമാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 4ൽ സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ ഉപയോഗപ്പെടുത്താമെന്നും ഇങ്ങനെ ഉപയോഗിക്കുമ്പോൾ തൊട്ട് മുൻവർഷത്തെ സംസ്ഥാന പദ്ധതിയുടെ സബ്സിഡി നിരക്കുകൾ ബാധകമാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കുറ്റിക്കുരുമുളക് തൈയും തൊട്ട് മുൻവർഷത്തെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.02.2021 ലെ ADFW/225/2021/7H1 നടപടിക്രമം പ്രകാരം 23.2.21 പ്രാബല്യത്തിൽ ഗവൺമെന്റ് ഫാമുകളിലെ നടീൽ വസ്തുക്കളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുള്ളതിൻ പ്രകാരം തൈ (പോളിത്തീൻ ബാഗിലുള്ളതിന്റെ) വില 50/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം കുറ്റി കുരുമുളക് തൈയ്ക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക 50x75% = 37.50 രൂപയാണ്. എന്നാൽ കുറ്റിക്കുരുമുളക് തൈയ്ക്ക് 100/- രൂപ 100% സബ്സിഡിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കുറ്റിക്കുരുമുളക് തൈയ്ക്ക് സബ്സിഡിയിനത്തിൽ 62.50 രൂപ അധികമായി നല്കിയിട്ടുണ്ട്. 1000 തൈകൾക്ക് ഇപ്രകാരം അധിക സബ്സിഡി നല്കിയ 62500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖാനുസൃതമല്ലാതെ പദ്ധതി നിർവഹണം നടത്തിയ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് 62500/- രൂപ ഈടാക്കേണ്ടതാണ്.

എൻക്വയറി നം – 4 തീയതി- 17/9/22

നിരാകരിച്ച തുക – 62,500/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 20.09.2022 | കെ.എസ്.എ.കെ.എൽ.എം.പി.4/1845/2022 തീയതി- 01.12.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,60,000 | ലൈഫ്മിഷൻ-സമ്പൂർണ്ണ ഭവന പദ്ധതി | 3,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | അങ്കണവാടി പോഷകാഹാര | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | സഞ്ജീവനി ഹോംകെയർ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | അനുപൂരക പോഷകാഹാര പദ്ധതി | 78572 | 21428 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 420000 | ലൈഫ് മിഷൻ | 420000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 76584 | പാൽ സബ്സിഡി | 76584 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി | ചാലപ്പുറം പമ്പ് ഹൌസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | RTGS | 829093/- (2021-22) | - | 829093/- |
| അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഈസ്റ്റ് കല്ലട | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ. (പ്രോജക്ട് നം. 67/22) | NPC1-179CSCA-2053523 RO322014 20069/16.3.22 | 444860/- | - | 444860/- |
| അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഈസ്റ്റ് കല്ലട | പൊസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നം. 116/22) | NPC1-179CSCA-1857762 RO120 4135498/24.2.22 | 19903/- | - | 19903/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ വായ്പ | 951/2010 ത.സ്വ.ഭ.വ/ 19.03.2016 | 75,70,777/- | 63,38,777/- | 6,60,000/- | 0 | 56,78,777/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | പേര് | രസീത് നമ്പർ |
|---|---|---|---|---|
| 1997-1998 | 28 | 267 | ജെട്ടൂഡ് | 121100100498/23.11.2021 |
| 2007-08 | 3-3- | 600 | എസ്. സുരേഷ് കുമാർ | 121100100445/05.11.2021 |
| 2011-12 | 3-6 | 1320 | ബിന്ദു കൊച്ചാലുംവിള<br>ബിന്ദു മംഗലത്ത് | 121100100500 &<br>121100100503/ 24.11.2021 |
| 2012-13 | 3-2 | 1675 | ദിലീപ് | 121100100449/06.11.2021 |
| 2016-17 | 3-2 | 1527 | യേശുദാസൻ | 121100100481/18.11.2021 |
| 2016-17 | 3-17(2) | 2870 | മെഡിക്കൽ ഓഫീസർ | 121100500025/17.01.2022 |
| 2016-17 | 3-17(6) | 5500 | മെഡിക്കൽ ഓഫീസർ | 121100500024/17.01.2022 |
| 2018-19 | 1-12 | 440 | റ്റി സി അയ്യപ്പൻ | 121100100504/25.11.2021 |
| 2018-19 | 1-12 | 1720 | സോമരാജൻ | 121100100505/25.11.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി - അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി - സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13878/- | ഡോ. അനീഷ് പരമേശ്വരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-2 | | 57750/- | ശ്രീമതി മിയ വർഗീസ്, കൃഷി ഓഫീസർ |
| 3-3 | | 62500/- | ശ്രീമതി മിയ വർഗീസ്, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 117338 | ഡോ. മഞ്ജുഷ. ഇ.വി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-17 | 212500 | ഡോ. മഞ്ജു, വെറ്ററിനറി സർജൻ |
| 1-18 | 517108 | ശ്രീ. അനീഷ് പരമേശ്വരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-19 | 929093 | ശ്രീ. എസ്. സുനീഷ് കുമാർ, സെക്രട്ടറി |
| 1-22 | 464763 | ശ്രീ. എസ്. സുനീഷ് കുമാർ, സെക്രട്ടറി |
| 1-24 | 849600 | ശ്രീ. എസ്. സുനീഷ് കുമാർ, സെക്രട്ടറി |
| 1-25 | 39020 | ശ്രീമതി ആർച്ച ഗോപൻ, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനീഷ് പരമേശ്വരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മൺട്രോത്തുരുത്ത് | അഞ്ജലിഭവനം, കരിക്കോട് ടി.കെ.എം.സി. പി.ഒ, കൊല്ലം PH.9947004981 |
| ശ്രീമതി മിയ വർഗീസ്, കൃഷി ഓഫീസർ, | കൃഷി ഓഫീസർ, മൺട്രോത്തുരുത്ത് | ഒലിക്കര ബംഗ്ലാവ്, ശക്തികുളങ്ങര കൊല്ലം PH.7356068494 |

| | | |
|---|---|---|
| ഡോ. മഞ്ജു,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മൺട്രോത്തുരുത്ത് | മഞ്ജുശ്രീ, നീരാവിൽ,<br>പെരിനാട് പി.ഒ. കൊല്ലം |
| ശ്രീ. എസ്. സുനീഷ് കുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>മൺട്രോത്തുരുത്ത് | സുനീഷ് ഭവനം<br>പെരുമൺ പി.ഒ. കൊല്ലം |
| ശ്രീമതി ആർച്ച ഗോപൻ,<br>അസി. എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി. | അസി. എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി. | കൃഷ്ണവില്ല ഡാർലിംഗ്<br>കാവനാട് പി. ഒ. കൊല്ലം |
| ഡോ. മഞ്ജുഷ. ഇ.വി,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ദ്വാരക, പേരൂർ,<br>ടി.കെ.എം.സി. പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.4/11-12/170/20.08.2022 | 15 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.4/12-13/170/20.08.2022 | 8 |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി.4/13-14&14-15/170/20.08.2022 | 10 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4/15-16/170/20.08.2022 | 5 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1404/17/31.01.2018 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4/402/2019, 22.4.2019 | 11 |
| 2018-19 | കെ.എസ്.എ.കെകെ.എൽ.എം.പി4/458/2020, 23.6.2020 | 37 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.4/1161/21/09.03.2022 | 16 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.4/1160/21/09.03.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്